Keraleeyam
Rs. 20/-
2012 July

ദേശീയപാതകൾ സ്വകാര്യകമ്പനികൾക്ക് നൽകി ചുങ്കം പിരിക്കുന്നതിനെതിരെ തൃശൂർ ജില്ലയിലെ പാലിയേക്കരയിൽ നടക്കുന്ന ടോൾ വിരുദ്ധ സമരം 150 ദിവസം പിന്നിടുന്നു. നിയമവിരുദ്ധമായി നടക്കുന്ന ടോൾ പിരിവ് നിർത്തിവയ്ക്കാൻ തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പാലിയേക്കരയിൽ സമരം ശക്തിപ്പെടുകയാണ്. ടോൾ സമരത്തെ പിന്തുണച്ചുകൊണ്ട് ജനനീതി പുറത്തിറക്കിയ ലഘുലേഖയിൽ നിന്നും.

തയ്യാറാക്കിയത്: ഹാഷിം ചേന്നാമ്പിള്ളി, ജോർജ് പുലികുത്തിയേൽ

# എന്തുകൊണ്ട് ബി.ഒ.ടിയെ എതിർക്കണം?

## എതിർപ്പിന്റെ തുടക്കം

സഞ്ചാര സ്വാതന്ത്ര്യം നമ്മുടെ മൗലീകാവകാശമാണ്. പൊതുവഴികളിൽ എല്ലാവർക്കും സഞ്ചരിക്കാനുള്ള അവകാശം നാം പൊരുതി നേടിയതാണ്. ഇക്കാലമത്രയും നാം സൗജന്യമായും അവകാശമായും ഉപയോഗിച്ചുവന്നിരുന്ന ദേശീയപാത പെട്ടൊന്നൊരുനാൾ ചുങ്കപ്പാതയായി മാറി. ജനങ്ങളുടെ നിലവിലുള്ള സഞ്ചാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തിക്കൊണ്ട് ലോകത്തൊരിടത്തും അതിവേഗപാതകൾ ആരും നിർമ്മിച്ചിട്ടില്ല. കേരളത്തിലത് സംഭവിച്ചിരിക്കുന്നു. ഇവിടെയാണ് നമ്മുടെ എതിർപ്പിന്റെ തുടക്കം.

## മാറുന്ന സമീപനങ്ങൾ

റോഡുകൾ ഉണ്ടായതും റോഡ് വികസന പദ്ധതികളുണ്ടായതും ജനസമൂഹങ്ങളെ പരസ്പരം ബന്ധിപ്പിക്കാനായിരുന്നു; വിഭജിക്കാനായിരുന്നില്ല. എന്നാൽ 1990 മുതലിങ്ങോട്ട് സ്ഥിതിഗതികൾ മാറി. ജനങ്ങൾക്ക് പകരം, നഗരങ്ങളെ ബന്ധിപ്പിക്കാനുള്ള ഉപാധികളായി റോഡുകൾ പദ്ധതികളിൽ ഇടം പിടിച്ചു. 1995 ൽ 'നാഷണൽ ഹൈവേ അഥോറിറ്റി ഓഫ് ഇന്ത്യ'യ്ക്ക് സർക്കാർ രൂപം കൊടുക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

## ലോകബാങ്കിന്റെ ഇടപെടൽ

2004 ഒക്ടോബർ 21 ന് ലോകബാങ്ക് പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിലാണ് ഇന്ത്യയുടെ റോഡുനയം എന്തായിരിക്കണം എന്ന് വ്യക്തമാക്കുന്നത്. പാതകൾ പൊതുസ്വത്തുക്കളാണെന്ന ധാരണ ലോകബാങ്ക് മാറ്റിയെഴുതി. പകരം, വിപണിയധിഷ്ഠിതമായ സമീപനം സ്വീകരിക്കാൻ സർക്കാരിനോട് അവർ ആവശ്യപ്പെട്ടു. ഒപ്പംതന്നെ പൊതു-സ്വകാര്യ പങ്കാളിത്തം (Public-Private Participation-PPP)എന്നും, പണിത്-പ്രവർത്തിച്ച്-കൈമാറ്റം (Build-Operate-Transfer-BOT) എന്നുമുള്ള ആശയങ്ങൾ സർക്കാരിന്റെ മുമ്പിൽ വയ്ക്കപ്പെട്ടു.

## ബി.ഒ.ടി. കമ്പനി എന്നാൽ

രാജ്യത്ത് മികച്ച റോഡുകൾ ഉണ്ടാക്കുന്നതിനും കൂടുതൽ സഞ്ചാര സൗകര്യത്തിനും വേണ്ടി സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പുതിയ പാതകൾ നിർമ്മിക്കുകയും നിശ്ചിത കാലത്തേക്ക് അതിൽചുങ്കം പിരിക്കുകയും ചെയ്യുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ ബി.ഒ.ടി. നയം. ഇതനുസരിച്ച് സർക്കാരുമായി ഉടമ്പടിയിലേർപ്പെടുന്ന അന്താരാഷ്ട്ര കുത്തക കമ്പനിയെയാണ് ബി.ഒ.ടി. കമ്പനി എന്നു വിളിക്കുന്നത്. ഇത് ഒരു വ്യക്തിയോ, കുടുംബമോ, ട്രസ്റ്റോ, കമ്പനിയോ ആകാം. ആരായാലും ലക്ഷ്യം കുത്തകലാഭം തന്നെ. നടപടിക്രമങ്ങൾ നിഗൂഢവും തീരുമാനങ്ങൾ സ്വാധീനത്തിന്റെ പുറത്തും ആയതിനാൽ അഴിമതി ഉറപ്പ്.

## ബി.ഒ.ടി. വ്യവസ്ഥയിലെ ഉപാധികൾ

1. മൊത്തം എസ്റ്റിമേറ്റിന്റെ (ഭൂമി ഏറ്റെടുക്കൽ ചെലവടക്കം) 40% തുക സൗജന്യ ഗ്രാന്റായി സർക്കാർ കമ്പനിക്ക് മുൻകൂട്ടി നൽകണം. 2. പദ്ധതിക്ക് ആവശ്യമായ ഭൂമി മുഴുവൻ നിശ്ചിത ദിവസങ്ങൾക്കകം കുടിയൊഴിപ്പിച്ച് കമ്പനിക്ക് സർക്കാർ കൈമാറണം. 3. നിലവിലുള്ള ദേശീയ പാതകൾ കമ്പനിക്ക് കൈമാറണം. 4. മുപ്പതുവർഷം ചുങ്കം പിരിക്കാൻ അനുവാദം നൽകണം. 5. വർഷംതോറും ചുങ്കനിരക്ക് വർദ്ധിപ്പിക്കാൻ കമ്പനിക്ക് അധികാരം നലകണം. 6. ആദ്യത്തെ 20 വർഷത്തേക്ക് കമ്പനി ആദായനികുതി അടയ്ക്കേണ്ടതില്ല. 7. കമ്പനി വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന മെഷിനറികൾക്കും വാഹനങ്ങൾക്കും പൂർണ്ണമായും കസ്റ്റംസ് ഇറക്കുമതി തീരുവകൾ ഒഴിവാക്കണം. 8. നിശ്ചിത സമയത്തിനകത്ത് ജനങ്ങളുടെ ഭൂമി ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ സർക്കാർ കമ്പനിക്ക് നഷ്ടപരിഹാരം നൽകണം. 9. ടോൾ പിരിവ് ഊർജ്ജിതമാക്കാൻ സമാന്തര പ്രാദേശിക പാതകൾ അടച്ചുകെട്ടാൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കും. 10. ബി.ഒ.ടി. റോഡിന് സമാന്തരമായി നിശ്ചിത കാലത്തേക്ക് സർക്കാരോ മറ്റ് ഏജൻസികളോ സമാനമായ റോഡുകൾ നിർമ്മിക്കാൻ പാടില്ല. 11. പാതയോരങ്ങളിൽ സ്ഥാപിക്കപ്പെടുന്ന വിശ്രമകേന്ദ്രങ്ങൾ, ഹോട്ടലുകൾ, പാർക്കിംഗ് സൗകര്യങ്ങൾ, ഷോപ്പിംഗ് മാളുകൾ, കോഫീ ഷോപ്പുകൾ, ഭോജനശാലകൾ, ഫ്രഷിംഗ് സലൂൺ എന്നിവ നടത്താനുള്ള അധികാരം കമ്പനിക്കായിരിക്കും.

നാലുവരി പാതയ്ക്ക് 14 മീറ്ററാണ് വീതി. എല്ലാ സൗകര്യങ്ങളോടും കൂടി ആറുവരിപ്പാത നിർമ്മിക്കാൻ 30 മീറ്റർ മതി. 45ഉം 60ഉം മീറ്റർ വീതം സ്ഥലം തദ്ദേശവാസികളിൽനിന്നും തുച്ഛമായ വിലയ്ക്ക് ബലമായി പിടിച്ചെടുക്കുന്നതിന്റെ ലക്ഷ്യം, മേല്പറഞ്ഞ 11-മത്തെ ഉപാധിയോട് കൂട്ടിവായിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ.

## റോഡുകൾ ജനങ്ങളുടേതാണ്

പൊതുഖജനാവിലെ പണംകൊണ്ട് നിർമ്മിച്ചവയാണ് നമ്മുടെ എല്ലാ റോഡുകളും. വാഹനനികുതി, രജിസ്ട്രേഷൻ ചാർജ്, 15 വർഷത്തെ മുൻകൂർ റോഡുനികുതി, ഇന്ധനസെസ്സ്, ലൈസൻസ് ഫീ, ഇൻഷുറൻസ്, കൂടാതെ വിവിധ ഗതാഗത കുറ്റങ്ങൾക്കുള്ള പിഴ-തുടങ്ങിയ ഇനങ്ങളിലായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേരളത്തിൽനിന്ന് സർക്കാരിന് ലഭിച്ചത് 28,000 കോടി രൂപയാണ്.

റോഡുകളുടെ വികസനത്തിന് ഉപയോഗിക്കേണ്ട ആ തുക വകമാറ്റി ചെലവഴിച്ചശേഷം, ഖജനാവിൽ പണമില്ലെന്ന് പറഞ്ഞ് പൊതുവഴികൾ സ്വകാര്യ കമ്പനികൾക്ക് വിൽക്കുന്നത് ജനാധിപത്യ വിരുദ്ധമായ നടപടിയാണ്. ഇന്ന് ബി.ഒ.ടി കമ്പനി നമുക്ക് നൽകിയെന്ന് നാം കരുതുന്ന സൗകര്യങ്ങൾ ഇതിനേക്കാൾ മെച്ചപ്പെട്ട നിലയിൽ നൽകാൻ കഴിയുംവിധം പണം ജനങ്ങളിൽനിന്ന് മുൻകൂറായി സർക്കാർ പിരിച്ചെടുത്തിട്ടുണ്ട്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com